# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 52 — 06.01.2014-ൽ മറുപടിയ്ക്ക്

<u>ഹർത്താൽ മൂലമുള്ള നഷ്ടം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഹർത്താൽ ദിനങ്ങളിൽ സംസ്ഥാനത്തുണ്ടാകുന്ന ലാഭനഷ്ടക്കണക്ക് സർക്കാർ ശേഖരിക്കാറുണ്ടോ; ലാഭം/നഷ്ടം കണക്കാക്കുന്ന മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;<br>(ബി) സർക്കാർ സ്വീകരിക്കുന്ന നടപടികളാൽ കേരളത്തിനുണ്ടാകുന്ന നഷ്ടം കൂടി കണക്കിലെടുത്താണോ ഹർത്താൽ പോലുള്ള സമരങ്ങൾ മൂലമുള്ള നഷ്ടം കണക്കാക്കുന്നത്; | (എ) & (ബി) ഹർത്താൽ ദിനങ്ങളിൽ പൊതുമുതൽ നശിപ്പിക്കൽ സംബന്ധിച്ചുള്ള നാശനഷ്ടത്തിന്റെ കണക്കുകൾ കണക്കാക്കാറുണ്ട്. ഹർത്താൽ ദിനങ്ങളിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കാക്കുന്നതിനും, നഷ്ടം പരിഹരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ 17.12.2003- ലെ സ.ഉ. (എം.എസ്) നം. 277/2003/ ആഭ്യന്തരം- നമ്പർ ഉത്തരവ് പ്രകാരം വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നൽകിയിട്ടുണ്ട്. |
| (സി) സർക്കാരിന്റെ നയങ്ങൾക്കും നിലപാടുകൾക്കുമെതിരെ എത്ര ഹർത്താലുകൾ നടന്നിട്ടുണ്ട്; ഓരോ ഹർത്താലിലും ഉണ്ടായ നഷ്ടം എന്തൊക്കെയാണെന്നും, ഏതെല്ലാം രാഷ്ട്രീയപ്പാർട്ടികൾ ആഹ്വാനം ചെയ്തതായിരുന്ന പ്രസ്തുത ഹർത്താലുകളെന്നും വിശദമാക്കുമോ; | (സി) സർക്കാരിന്റെ നയങ്ങൾക്കും നിലപാടുകൾക്കും എതിരെ ദേശീയതലത്തിൽ രണ്ടും, സംസ്ഥാന തലത്തിൽ പന്ത്രണ്ടും (ആകെ 14) ഹർത്താലുകൾ നടന്നിട്ടുണ്ട്. ഓരോ ഹർത്താലിലും ഉണ്ടായ നഷ്ടം, ഏതെല്ലാം രാഷ്ട്രീയ പാർട്ടികൾ ആഹ്വാനം ചെയ്തതായിരുന്നു പ്രസ്തുത ഹർത്താലുകൾ തുടങ്ങിയ വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. ഇതിനു പുറമേ പ്രദേശികമായി ഒട്ടനവധി ഹർത്താലുകൾ ആഹ്വാനം ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) ഹർത്താലുകൾ പോലുള്ള സമരങ്ങളെ ഇല്ലാതാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ടോ? | (ഡി) അവകാശ സമരങ്ങളെ സർക്കാർ നിഷേധിക്കുന്നില്ല. സമരങ്ങൾ അക്രമാസക്തമാകുന്ന അവസരങ്ങളിൽ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഹർത്താൽ ദിനത്തിൽ പൊതുജനത്തിന് കഴിയുന്നത്ര സൗകര്യങ്ങൾ നൽകുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## HARTHAL BY VARIOUS ORGANIZATIONS

### (18/5/2011 TO 15-12-2013)

| Sl.No. | Harthal Day | Political Party | Loss |
|---|---|---|---|
| | | **NATION WIDE** | |
| 1 | 28/2/2013 | Joint Trade Union Organizations | 34, 600 |
| 2 | 10/09/13 | Fish Merchants Assn.(Harthal in coastal areas only) | Nil |
| | | **STATE WIDE** | |
| 3 | 16/09/2011 | LDF | 3,23,000 |
| 4 | 19/09/2011 | LDF/BJP | 2,68,500 |
| 5 | 29/11/2011 | LDF/BJP | 1,15,000 |
| 6 | 18/01/2012 | LDF/BJP (Except Thrissur) | Nil |
| 7 | 04/12/12 | BJP | 15,800 |
| 8 | 05/05/12 | UDF | 40,300 |
| 9 | 24/05/2012 | LDF/BJP | 36,050 |
| 10 | 08/02/12 | CPI(M) | 1,17,23,814 |
| 11 | 09/06/12 | BJP | 36,500 |
| 12 | 15/09/2012 | LDF/BJP | 72,000 |
| 13 | 07/10/13 | LDF | 8,51,986 |
| 14 | 18/11/2013 | LDF | 61,500 |
| | | TOTAL | 1,35,79,050/- |

Total Rupees 1,35,79,050/- ( One Crore Thirty Five Lakhs Seventy Nine Thousand and Fifty only)